നമ്പർ: സി.പി.(5) 39575/09

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 24.12.2009

**സർക്കുലർ നമ്പർ 64/09**

വിഷയം: സഹകരണവകുപ്പ് - പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/കാർഷിക വികസന ബാങ്കുകൾ നൽകി വരുന്ന കാർഷിക വായ്പാ വിതരണം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

പരാമർശം: 1. 08.06.2009 ലെ 29/09 -ാം നമ്പർ സർക്കുലർ
2. 06.07.09 ൽ കൂടിയ ജില്ല ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർമാരുടെ അവലോകനയോഗ തീരുമാനം

സംസ്ഥാനത്തെ സഹകരണസംഘങ്ങൾ/ബാങ്കുകൾ നാളികേരകൃഷി, കുരുമുളക് മറ്റ് പ്ലാന്റേഷൻ ആവശ്യങ്ങൾക്കും, കാർഷിക അനുബന്ധ ആവശ്യങ്ങൾക്കുമായി കൂടുതൽ വായ്പ നൽകുന്നതു സംബന്ധിച്ചും, സ്വീകരിക്കേണ്ട തുടർ നടപടികളെ സംബന്ധിച്ചും സൂചന (1) ലെ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. കാർഷിക വായ്പാ വിതരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പ്രാഥമിക സംഘങ്ങൾ മുഖേന ടെറസ്സ് കൃഷി, വീട്ടുപറമ്പിലെ പച്ചക്കറി കൃഷി, എന്നിവ വ്യാപിപ്പിക്കുന്നതിനു ഊർജിതമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും, കാർഷിക - കാർഷിക അനുബന്ധ ആവശ്യങ്ങൾക്കും വായ്പ കൂടുതൽ നൽകേണ്ടതാണെന്നും സൂചന രണ്ടിലെ യോഗത്തിൽ തീരുമാനിക്കുകയുണ്ടായിട്ടുണ്ട്. ടെറസ്സിലെ പച്ചക്കറികൃഷി, വീട്ടുപറമ്പിലെ പച്ചക്കറികൃഷി, നെൽകൃഷി എന്നിവ വ്യാപിപ്പിക്കുന്നതിനായി ഓരോ സംഘവും തങ്ങളുടെ പ്രവർത്തന പരിധിയിൽ വ്യാപകമായ പ്രചരണം നൽകുകയും, ഇതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഇതിൽ സംഘത്തിന്റെ കീഴിലുള്ള സ്വാശ്രയ സംഘങ്ങളുടെയും, കുടുംബശ്രീ അടക്കമുള്ള മറ്റ് ഗ്രൂപ്പുകളുടെയും സഹായങ്ങൾ കൂടി തേടാവുന്നതും, ഇക്കാര്യത്തിൽ വായ്പയും, മറ്റ് അനുബന്ധസൗകര്യങ്ങളും ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. കാർഷിക വായ്പയ്ക്ക് ആവശ്യത്തിന് അപേക്ഷകൾ ലഭിക്കുന്നില്ല എന്ന് ചില സംഘങ്ങൾ അറിയിക്കുന്നുണ്ടെങ്കിലും, മേൽ പരാമർശിച്ച പ്രകാരമുള്ള വായ്പകൾ നൽകുന്നതിലൂടെ കാർഷിക വായ്പ വിതരണം വർദ്ധിപ്പിക്കുന്നതിലുപരി, ആവശ്യമായ പച്ചക്കറി ഉൽപ്പാദനം പ്രാദേശികമായി വർദ്ധിപ്പിക്കുന്നതിന് സംഘങ്ങൾക്ക് കഴിയുകയും ചെയ്യുന്നതാണ്. മാത്രമല്ല വീട്ടുപറമ്പിലെയും ടെറസ്സിലെയും പച്ചക്കറി കൃഷികൾ/മറ്റ് കൃഷികൾ, മറ്റ് കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രദേശത്തെ പരമാവധി

സ്ത്രീകൾക്ക് കൂടി ഇത്തരം വായ്പകൾ നൽകുകയാണെങ്കിൽ പ്രാദേശികമായി കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഇടയാവുന്നതാണ്. 05.09.2009 ലെ കത്ത് പ്രകാരം നിശ്ചയിച്ചു നൽകിയിട്ടുള്ള ലക്ഷ്യത്തിനനുസരിച്ച് കാർഷിക വായ്പാ വിതരണം ത്വരിതപ്പെടുത്തുന്നതോടൊപ്പം, നിശ്ചിത ലക്ഷ്യം കൈവരിക്കാതെ വരികയാണെങ്കിൽ ആയതിനുള്ള വ്യക്തമായ കാരണം ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ, ജില്ലയിലെ വായ്പാ സംഘങ്ങൾ എന്നിവ ബോധിപ്പിക്കേണ്ടി വരുന്നതാണെന്നും ഓർമ്മിപ്പിക്കുന്നു. ഇത്തരം വായ്പകൾ പ്രോത്സാഹിപ്പിക്കുന്നതിന് ജില്ലാ/താലൂക്ക് തലത്തിൽ പ്രത്യേക കർമ്മ പരിപാടികൾ ആവിഷ്കരിക്കുകയും, വായ്പ നൽകുന്നത് സംബന്ധിച്ച് വ്യാപകമായ പ്രചാരണം സംഘം തലത്തിൽ നൽകേണ്ടതും, ജോയിന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് രജിസ്ട്രാർ തലത്തിൽ പ്രതിമാസ അവലോകനം നടത്തേണ്ടതും ആണ്.

ഒപ്പ്,
റാണിജോർജ്ജ് ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

1. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, സർവ്വീസ് സഹകരണ ബാങ്കുകൾ. (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
2. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ, ആഡിറ്റ്) മാർക്കും.
3. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾ.
4. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്,
5. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ, ആഡിറ്റ്) മാർക്കും
6. എഡിറ്റർ, സഹകരണ വീഥി
7. എഡിറ്റർ, സഹകരണ ജേർണൽ
8. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ
9. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
10. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

Slalhi

അസിസ്റ്റന്റ് രജിസ്ട്രാർ (സി.പി)